DESPATCHED
On 29/06/2020
28/02/2020


## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in


**ഹർജി നമ്പർ AP.No.2217(4)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.14546/SIC-Gen 2/2016**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. തോമസ്കുട്ടി എം.ടി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ., ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അക്കൗണ്ട്സ് ഓഫീസർ (ജനറൽ),
   കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
   കാര്യാലയം, വികാസ് ഭവൻ,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ,
   കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
   കാര്യാലയം, വികാസ് ഭവൻ,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.09.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.09.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.10.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.10.2016 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 19.11.2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 22.11.2016 |

## ഉത്തരവ്

ഇവിടെ പരാമർശിക്കുന്ന ഫയലുകളും, അപ്പീൽ ഹർജിക്കാരൻ സംസ്ഥാനത്തെ എയിഡഡ് കോളേജുകളിലെ ലൈബ്രേറിയൻമാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടാണ് അപേക്ഷ നൽകിയിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 19.06.19ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

3. ടിയാന്റെ റിപ്പോർട്ടും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ അപ്പീൽ ഹർജിക്കാരൻ സ്ഥിരം ചോദിക്കുന്ന ചോദ്യങ്ങൾ തന്നെയാണ് ഇവിടെയും ചോദിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു. AP.No.578(4)/13/SIC dated 25.02.2020 എന്ന ഉത്തരവിലും സമാനമായ വിവരങ്ങൾ തന്നെയാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത്. അപ്പീൽ ഹർജിക്കാരന്റെ ഇതേ സമാന സ്വഭാവമുള്ള മറ്റൊരപേക്ഷ AP.No.1256(4)/2019/SIC dated 27.02.2020 പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്. ഈ വിഷയം തന്നെ AP.No.505(1)/2019/SIC dated 10.06.19 പ്രകാരം ബഹു. മുഖ്യ വിവരാവകാശ കമ്മീഷണർ ശ്രീ. വിൻസൻ എം. പോൾ തീർപ്പാക്കിയതുമായിരുന്നു. AP.No.682(4)/18/SIC dated 26.02.2020 എന്ന ഉത്തരവിലും സമാനമായ കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ നേരത്തെ കമ്മീഷൻ പല ഉത്തരവുകളിലും പരാമർശിച്ചിട്ടുള്ളതുപോലെ എസ്.പി.ഐ.ഒ. മാരെയും, അപ്പീൽ അധികാരികളെയും ബുദ്ധിമുട്ടിക്കാൻ വേണ്ടിയാണ് ഇത്തരം അപേക്ഷകൾ ആവർത്തിച്ചു നൽകുന്നത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

4. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി തള്ളികൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 28–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.